കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

ജീവനക്കാര്യം - കണ്ണൂർ സർവകലാശാല - തളിപ്പറമ്പ് സർ സയ്യിദ് കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ & ഹെഡ് ഡോ: നഫീസാ ബേബി ടി പി -ക്ക് സർവ്വകലാശാല ഡയറക്ടർ സ്റ്റുഡന്റ് സർവ്വീസസ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണവിഭാഗം ബി സെക്ഷൻ

അഡ്മിൻ /എഡി ബി3/10346/2021 തീയതി: 10.11.2021

പരാമർശം:-1. 20/07/2021 ലെ ഇതേ നമ്പർ വിജ്ഞാപനം

2. 03.09.2021 ലെ സർവ്വകലാശാല സെലക്ഷൻ കമ്മിറ്റി മിനുട്സ്,

3. 22.09.2021 സർവ്വകലാശാല സിൻഡിക്കേറ്റ് യോഗതീരുമാനം ഐറ്റം നമ്പർ 2021. 546

4. 23/09/2021 ലെ ഇതേ നമ്പർ വിജ്ഞാപനം

5. 23.09.2021 ലെ ഇതേ നമ്പർ മെമ്മോ

6. 04.10.2021 ലെ സർവ്വകലാശാല ഉത്തരവ് നമ്പർ ADMIN/AD-B3/5705/2019

7. 03.11.2021 ലെ സർക്കാർ ഉത്തരവ് (സാധാ) നം .1469 /2021/ഉ .വി .വ.

8. തളിപ്പറമ്പ് സർ സെയ്ദ് കോളേജ് മാനേജരുടെ 05.11.2021 ലെ 118/2021/40/TS നമ്പർ നടപടിക്രമം

9. തളിപ്പറമ്പ് സർ സെയ്ദ് കോളേജ് ഫിസിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ് ഡോ. നഫീസാ ബേബി-യുടെ 06.11.2021 ലെ ജോയിനിംഗ് റിപ്പോർട്ട്

ഉത്തരവ്

1. കണ്ണൂർ സർവകലാശാലയിലെ ഡയറക്ടർ സ്റ്റുഡന്റ് സർവ്വീസസ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം അനുവദിക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പരാമർശം (1) പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി.
2. ഡയറക്ടർ സ്റ്റുഡന്റ് സർവ്വീസസ് തസ്തികയിലെ അന്യത്ര സേവന വ്യവസ്ഥയിലുള്ള നിയമനത്തിന് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കായി അഭിമുഖം നടത്തി പരാമർശം (2) പ്രകാരം തയ്യാറാക്കിയ റാങ്ക് പട്ടിക പരാമർശം (3) പ്രകാരം സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിക്കുകയുണ്ടായി.
3. മേൽ സിൻഡിക്കേറ്റ് തീരുമാനം സർവകലാശാലയിൽ നടപ്പിൽ വരുത്തുകയും പരാമർശം (4) പ്രകാരം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുയും ചെയ്തിട്ടുണ്ട്.
4. മേൽ റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് ലഭിച്ച തളിപ്പറമ്പ് സർ സയ്യിദ് കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ & ഹെഡ്, ഡോ.നഫീസാ ബേബി ടി പി-ക്ക് കണ്ണൂർ സർവ്വകലാശാലയിൽ ഡയറക്ടർ സ്റ്റുഡന്റ് സർവ്വീസസ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് പരാമർശം (5) അനുവദിക്കുകയുണ്ടായി.
5. പരാമർശം (7) പ്രകാരം, തളിപ്പറമ്പ് സർ സയ്യിദ് കോളേജിലെ അസിസ്റ്റൻറ് പ്രൊഫസർ ഡോ.നഫീസാ ബേബി ടി പി-ക്ക് കണ്ണൂർ സർവ്വകലാശാലയിൽ ഡയറക്ടർ സ്റ്റുഡന്റ് സർവ്വീസസ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് അനുമതി നൽകി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
6. പരാമർശം (8) പ്രകാരം തളിപ്പറമ്പ് സർ സയ്യിദ് കോളേജിലെ അസിസ്റ്റൻറ് പ്രൊഫസർ തസ്തികയിൽ നിന്നും 05.11.2021 ഉച്ചക്ക് ശേഷം പ്രാബല്യത്തിൽ

വിട്ടതൽ അനുവദിക്കപ്പെട്ട ഡോ: നഫീസാ ബേബി ടി പി, 06.11.2021 ഉച്ചക്ക് മുമ്പ് പ്രാബല്യത്തിൽ കണ്ണൂർ സർവകലാശാലയിൽ ഡയറക്ടർ സ്റ്റുഡന്റ് സർവ്വീസസ് തസ്തികയിൽ ജോലിക്ക് ഹാജരായി പരാമർശം (8) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. കണ്ണൂർ സർവ്വകലാശാല പെഡഗോജിക്കൽ സയൻസ് പഠന വകുപ്പിൽ അസ്സോസിയേറ്റ് പ്രൊഫസർ & ഹെഡ് ആയ ഡോ: ജയപ്രകാശ് ആർ കെ -ക്ക് കണ്ണൂർ സർവകലാശാല ഡയറക്ടർ സ്റ്റുഡന്റ് സർവ്വീസസ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ (നാഷണൽ സർവ്വീസ് സ്കീം) എന്നീ തസ്തികകളുടെ അധിക ചുമതല നൽകിക്കൊണ്ട് പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

8. മേൽ വിഷയം പരിഗണിച്ച് വൈസ് ചാൻസലർ നൽകിയ അനുമതി പ്രകാരം താഴെ ചേർത്ത ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

   i. തളിപ്പറമ്പ് സർ സയ്യിദ് കോളേജിലെ ഫിസിക്സ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസർ & ഹെഡ്, ഡോ. നഫീസാ ബേബി ടി പി-ക്ക് കണ്ണൂർ സർവ്വകലാശാലയിൽ ഡയറക്ടർ സ്റ്റുഡന്റ് സർവ്വീസസ് തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ 06.11.2021 FN മുതൽ 05.11.2022 AN വരെ ഒരു വർഷത്തേക്ക് നിയമനം നൽകി ഉത്തരവാകുന്നു.

   ii. കണ്ണൂർ സർവ്വകലാശാലയിൽ ഡയറക്ടർ സ്റ്റുഡന്റ് സർവ്വീസസ് തസ്തികയിൽ നിയമിക്കപ്പെട്ട ഡോ. നഫീസാ ബേബി ടി പി, സർവ്വകലാശാല പ്രോഗ്രാം കോ-ഓർഡിനേറ്റർ (നാഷണൽ സർവ്വീസ് സ്കീം) തസ്തികയിലെ അധിക ചുമതല കൂടി വഹിക്കേണ്ടതാണ്.

   iii. കണ്ണൂർ സർവ്വകലാശാല പെഡഗോജിക്കൽ സയൻസ് പഠന വകുപ്പിൽ അസ്സോസിയേറ്റ് പ്രൊഫസർ & ഹെഡ് ആയ ഡോ: ജയപ്രകാശ് ആർ കെ-യെ കണ്ണൂർ സർവകലാശാല ഡയറക്ടർ സ്റ്റുഡന്റ് സർവ്വീസസ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ (നാഷണൽ സർവ്വീസ് സ്കീം) എന്നീ തസ്തികകളുടെ അധിക ചുമതലയിൽ നിന്നും 06.11.2021 ഉച്ചക്ക് മുമ്പ് പ്രാബല്യത്തിൽ വിട്ടതൽ ചെയ്ത് ഉത്തരവാകുന്നു.

   iv. മേൽ നിയമനം സംബന്ധിച്ച ചെലവുകൾ നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിലെ ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

9. ഉത്തരവുകൾ യഥാവിധി പുറപ്പെടുവിച്ചിരിക്കുന്നു.

ഒപ്പ്/-
മുഹമ്മദ് ഇ.വി. പി
ജോയിന്റ് രജിസ്ട്രാർ
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്: 1. ഡോ. നഫീസാ ബേബി ടി പി, ഡയറക്ടർ സ്റ്റുഡന്റ് സർവ്വീസസ്
2. ഡോ.ജയപ്രകാശ് ആർ കെ, അസ്സോസിയേറ്റ് പ്രൊഫസർ & ഹെഡ്, പെഡഗോജിക്കൽ സയൻസസ് പഠനവകുപ്പ്

പകർപ്പ്: PS to VC/PA to PVC/R/FO/CE/JR Exam/DR Acad/AR(DSS)/Finance/Salary Cell/KSAD/

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ